# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.452** **06.03.2012 ൽ മറുപടിക്ക്**

## ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി.യു.കുരുവിള

**ഉത്തരം**

ഡോ. എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവയുടെ പുനരുദ്ധാരണത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി) | പി.എം.ജി.എസ്.വൈ പദ്ധതിയിൽ പുതിയ റോഡുകളുടെ നിർമ്മാണവും, നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണവും ഏറ്റെടുക്കാറുണ്ട്. 2000-01 മുതൽ 2010-11 വരെ ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 1965.21 കി.മി. ദൈർഘ്യം വരുന്ന 782 റോഡുകളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഗ്രാമ പഞ്ചായത്തുകളുടെ റോഡ് സംരക്ഷണത്തിന് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 296,32,26,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 99,31,01,073/- രൂപ 25.02.2012-വരെ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾവഴി ഇതിലേക്കായി എത്ര തുക ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 2000-01 മുതൽ നാളിതുവരെയായി പുനരുദ്ധാരണത്തിനായി 79847.80 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 39672.42 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| (ഡി) | ഗ്രാമപഞ്ചായത്തുകളിൽ എഞ്ചിനീയറിംഗ് വിംഗ് (എ.ഇ., ഓവർസീയർ) രൂപീകരിക്കുന്നതിനും വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ? | (ഡി) | ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിങ്ങ് ശക്തിപ്പെടുത്തുന്നതിനായി ഗ്രാമ പഞ്ചായത്തുകളിലേക്ക് 203 അസിസ്റ്റന്റ് എൻജിനീയർമാരുടെയും ബ്ലോക്ക് പഞ്ചായത്തിൽ 65 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെയും 261 ഓവർസിയർമാരുടെയും (ഗ്രേഡ്-1, ഗ്രേഡ്-2, ഗ്രേഡ്-3) തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ